**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1619** **31-08-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ രണ്ടാം കൃഷി ഇറക്കുന്നതിന് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ പല പാടശേഖരങ്ങളിലും കൃഷിയിറക്കുന്നതിന് മുൻപായി വെള്ളം കെട്ടിനിർത്തുന്നതിനാൽ പ്രസ്തുത സ്ഥലങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. അപ്രകാരം വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന അവസരങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, ജലസേചന വകുപ്പ്, ഫയർ ഫോഴ്സ് എന്നിവരുടെ ഏകോപന പ്രവർത്തനങ്ങളിലൂടെ വെള്ളം പമ്പ് ചെയ്യുന്നതിന് വേണ്ട നടപടികളും ആയതിനായി വിവിധ പദ്ധതികൾ പ്രകാരം ഹൈ ഡിസ്ചാർജ് പമ്പ് സെറ്റുകൾ വിതരണം ചെയ്യുന്ന പ്രവർത്തികളും നടന്നുവരുന്നുണ്ട്. കൂടാതെ നീർച്ചാലുകൾ പുനരുദ്ധാരണ പ്രവർത്തികളും വിവിധ പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | രണ്ടാം കുട്ടനാട് പാക്കേജിനോട് അനുബന്ധിച്ച് കൃഷി അനുബന്ധ പ്രവൃത്തികൾ എത്രയും വേഗം നടപ്പാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ; | (ബി) | രണ്ടാം കുട്ടനാട് പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ 2447.66കോടി രൂപയുടെ പദ്ധതിയും അന്താരാഷ്ട്ര കായൽ ഗവേഷണ കേന്ദ്രം തയ്യാറാക്കിയിട്ടുള്ള 2053.6 കോടി രൂപയുടെ പദ്ധതിയും സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | കുട്ടനാട്ടിലെ കൃഷി അനുബന്ധ പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാൻ കർഷകർ ഉൾപ്പെട്ട സമിതിയെ നിയമിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കുട്ടനാട്ടിലെ കൃഷി അനുബന്ധ പ്രശ്നങ്ങളിൽ യഥാസമയം ഇടപെടലുകൾ നടത്തുവാനും അവ കാര്യക്ഷമമായി പരിഹരിക്കുവാനും പാക്കേജ് നടപ്പാക്കുന്നതിന്റെ ഏകോപനത്തിനും മേൽനോട്ടത്തിനുമായി ബഹു. മുഖ്യമന്ത്രി ചെയർമാനായി കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. ടി കൗൺസിലിൽ കർഷക പ്രാതിനിധ്യം ശിപാർശയുമുണ്ട്. |

സെക്ഷൻ ഓഫീസർ